ഉത്തരം

(എ) വിഷൻ 2010 പ്രകാരം ഓരോ നിയോജകമണ്ഡലത്തിലും ഭരണാനുമതി നൽകിയ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച ടി വകുപ്പിലെ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ജലവിഭവ (MI) വകുപ്പിന്റെ കീഴിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ 1,06,20,000 രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. മറ്റ് ജലവിഭവ ഓഫീസുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

(ബി) വിഷൻ 2010 പ്രകാരം 2007-08 -ൽ കൊയിലാണ്ടി മണ്ഡലത്തിൽ പുറക്കാട് തുറയൂർ റോഡിന് 100 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) വിഷൻ 2010 സ്കീം ഇപ്പോൾ നിലവിലില്ല.

മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

160 (4514) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷൻ 2010 പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം ;

(ബി) അവയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) വിഷൻ 2010 പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പാവറട്ടി - ഏനമാക്കൽ റോഡ്, കരുവാന്തല - ചക്കംകണ്ടം റോഡ് എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

സർക്കാർ ചെലവുകൾ

161 (4515) ശ്രീ. എ. എം. യൂസഫ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ചെലവുകൾക്ക് ഈ സർക്കാർ മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി ഇനത്തിൽ കഴിഞ്ഞ വർഷം എത്ര ശതമാനം ചെലവ് ചെയ്തിട്ടുണ്ട് ;

(സി) മരാമത്തു ബില്ലുകളുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ക്ഷേമപെൻഷനുകൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) ക്ഷേമനിധിബോർഡുകൾക്ക് സർക്കാർ വിഹിതമായി കഴിഞ്ഞ വർഷം എത്ര കോടി രൂപ നൽകിയിട്ടുണ്ട് ;

(ജി) 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ റേഷനരി നൽകുന്നതിനായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) (1) കൃഷി, പരമ്പരാഗത തൊഴിൽ മേഖലകൾ, അടിസ്ഥാന ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്.

(2) ജലസേചനം, കുടിവെള്ളം, ഊർജ്ജം, വ്യവസായം, വിദ്യാഭ്യാസം, ഐ.ടി., ടൂറിസം എന്നിവയ്ക്കുള്ള അടങ്കൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(3) 35 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കി.

(4) സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്കൊപ്പം അടിസ്ഥാന വികസന മേഖലകൾക്കും പുത്തൻ വളർച്ചാ മേഖലകൾക്കും മുൻഗണന നൽകുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ പദ്ധതികൾക്കായി 2009-10 സാമ്പത്തിക വർഷം 90.74 ശതമാനം ചെലവ് ചെയ്തിട്ടുണ്ട്.

(സി) പോരായ്മകളില്ലാതെ സർക്കാരിന് ലഭിച്ച നാളിതുവരെയുള്ള മരാമത്ത് ബില്ലുകളുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്.

(ഡി) മരാമത്ത് പണികളുടെ ലേലത്തുകയിൽ കുറവ് വരുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും ഗണ്യമായ മാറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ വിഹിതമായി 2009-10 സാമ്പത്തികവർഷം 120.94 കോടി രൂപ (പ്രാഥമിക കണക്കുകൾ പ്രകാരം) നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ റേഷനരി നൽകുന്നതിനായി 2010-11-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 125 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന് 2010-11 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 500 കോടി രൂപ ആവശ്യാനുസരണം അനുവദിക്കുന്നതാണ്.

പുത്തൻ വളർച്ചാ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ

162 (4516) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുത്തൻ വളർച്ചാ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഐ.ടി., ടൂറിസം മേഖലകൾക്ക് മെച്ചപ്പെട്ട ബഡ്ജറ്റ് വിഹിതം നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വാണിജ്യരംഗത്തെ പരിപോഷിപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പശ്ചാത്തല സൗകര്യവികസനത്തിന് സർക്കാർ പ്രാമുഖ്യം നൽകുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ പുത്തൻ വളർച്ചാമേഖലകളിൽ ഉൾപ്പെടുന്ന വിവരസാങ്കേതികവിദ്യ, ബയോ ടെക്നോളജി, വിനോദസഞ്ചാരം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2010-11 വാർഷികപദ്ധതിയിൽ വിവരസാങ്കേതികവിദ്യ, ബയോടെക്നോളജി, വിനോദ സഞ്ചാരം എന്നീ മേഖലകൾക്ക് പദ്ധതി വിഹിതമായി യഥാക്രമം 152.8 കോടി, 1 കോടി, 90 കോടിരൂപ വീതം വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2009-10-ലെ ബഡ്ജറ്റിൽ ഐ.ടി. മേഖലയ്ക്ക് 81.17 കോടി രൂപയും ടൂറിസം മേഖലയ്ക്ക് 65.01 കോടിരൂപയും ആണ് വകയിരുത്തിയിരുന്നത് നടപ്പു സാമ്പത്തിക വർഷം യഥാക്രമം 152.8 കോടിരൂപയും, 90 കോടിരൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ബഡ്ജറ്റ് വിഹിതത്തിനുപുറമേ ഐ.ടി. മേഖലയ്ക്ക് 50 കോടിരൂപയുടേയും ടൂറിസം മേഖലയ്ക്ക് 40.25 കോടിരൂപയുടേയും അധിക വിഹിതം 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ വാണിജ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly